# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5496 04.07.2013 - ൽ മറുപടിക്ക്

## പുതിയ കണക്ഷനുകൾക്ക് നിരോധനം

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | മറുപടി<br>പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളാ വാട്ടർ അതോറിറ്റി തിരുവനന്തപുരം ജില്ലയിലെ നഗരസഭാ പരിധിയിലെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് വാട്ടർ കണക്ഷൻ കൊടുക്കണ്ടെ എന്ന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | 06.04.2013-ൽ തിരുവനന്തപുരം കളക്ടറേറ്റിൽ വച്ച് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ അവലോകനത്തിനും തുടർ നടപടികൾ നിശ്ചയിക്കുന്നതിനുമായി കൂടിയ യോഗ തീരുമാന പ്രകാരം ഗാർഹികേതര ആവശ്യങ്ങൾക്കുള്ള വാട്ടർ കണക്ഷനുകൾക്ക് നിരോധനം ഏർപ്പെടുത്തിയിരുന്നു. |
| (ബി) | ഉണ്ടെങ്കിൽ ഈ ഉത്തരവ് എത്ര ദിവസത്തിനകം പിൻവലിക്കും എന്ന് അറിയിക്കാമോ; പുതിയ കണക്ഷനുകൾ എന്ന് കൊടുത്തു തുടങ്ങും എന്ന് വ്യക്തമാക്കാമോ ; | (ബി) | 26.06.2013-ലെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ നമ്പർ എച്ച്1/26964/13 എന്ന ഉത്തരവ് പ്രകാരം ഗാർഹികേതര കണക്ഷനുകൾക്ക് ഏർപ്പെടുത്തിയിരുന്ന നിരോധനം പിൻവലിച്ചിട്ടുണ്ട്. ആയതിനാൽ 29.06.2013 മുതൽ ഗാർഹികേതര കണക്ഷനുകൾ നൽകുവാനുള്ള നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. |
| (സി) | കെ.ഡബ്ലിയു.എ. സെൻട്രലൈസ്ഡ് കണക്ഷൻ സംവിധാനം നിർത്തലാക്കിയിട്ടുണ്ടോ; ഈ സംവിധാനം മാറ്റി ലോക്കൽ കണക്ഷനുകൾ അതാത് എ.ഇ. ഓഫീസുകളിൽ നിന്നുതന്നെ കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | കേരള വാട്ടർ അതോറിറ്റിയിൽ തിരുവനന്തപുരം പി.എച്ച്. ഡിവിഷന്റെ പരിധിക്കുള്ളിൽ മാത്രമേ സെൻട്രലൈസ്ഡ് കണക്ഷൻ സംവിധാനം നിലവിലുള്ളൂ. ആയത് ഇപ്പോഴും തുടരുന്നുണ്ട്. ഈ സംവിധാനം മാറ്റി അതാത് അസിസ്റ്റന്റ് എഞ്ചിനീയർ മാരുടെ ഓഫീസിൽ നിന്നുതന്നെ കണക്ഷൻ കൊടുക്കുവാൻ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രാബല്യത്തിൽ വരുത്തുന്നതിനായിട്ടുള്ള അനന്തര നടപടി കൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | ഇപ്പോഴത്തെ കണക്ഷൻ സംവിധാനത്തിലും അപേക്ഷാഫോമിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടാ; വ്യക്തമാക്കുമോ? | (ഡി) | നിലവിലെ കണക്ഷൻ സംവിധാനത്തിൽ കാലോചിതവും സുതാര്യവുമായ ചില മാറ്റങ്ങൾ വരുത്തുവാൻ അതോറിറ്റി ഉദ്ദേശിക്കുന്നുണ്ട്. നിലവിലെ കണക്ഷൻ പ്രക്രിയയിലുള്ള സങ്കീർണ്ണതകൾ പരമാവധി ഒഴിവാക്കി എത്രയും പെട്ടെന്ന് അപേക്ഷകർക്ക് കണക്ഷൻ നൽകുവാനുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ